പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1718 — 16-06-2014-ൽ മറുപടിക്ക്

## സംസ്ഥാനത്തെ മദ്യഉപയോഗത്തിലെ ഏറ്റക്കുറച്ചിലുകൾ

**ചോദ്യം:**

ശ്രീ. ഇ. പി. ജയരാജൻ:
" ബി. ഡി. ദേവസ്സി:
" എസ്. രാജേന്ദ്രൻ:
" കെ. കുഞ്ഞിരാമൻ (ഉദുമ):

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ മദ്യഉപയോഗത്തിന്റെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ;

(എ) ഇല്ല.

(ബി) ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള കഴിഞ്ഞ മൂന്നു വർഷത്തെ വിപണനവും ഉപയോഗവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി)

| വർഷം | ആകെ വിൽപ്പന മൂല്യം (രൂപ കോടിയിൽ) | IMFL (കെയ്സുകൾ ലക്ഷത്തിൽ) | ബിയർ |
|---|---|---|---|
| 2011-12 | 7,862 | 241.78 | 97.82 |
| 2012-13 | 8,818 | 244.33 | 101.64 |
| 2013-14 | 9,354 | 240.67 | 107.96 |

(സി) 2011 മേയ് 31-നെ അപേക്ഷിച്ച് 2014 മേയ് 31 വരെ മദ്യവില്പനയുടെ വർദ്ധന എത്ര ശതമാനമായിട്ടാണ് കണക്കാക്കപ്പെടുന്നത്;

(സി) 2011 മേയ് 31-നെ അപേക്ഷിച്ച് 2014 മേയ് മാസത്തിൽ മദ്യവില്പനയിൽ 30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) 418 ബാറുകൾ അടച്ചിട്ടതിനു ശേഷം ഇതേവരെയുള്ള മദ്യത്തിന്റെ വില്പനയിൽ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കെ.എസ്.ബി.സി. മുഖേന ഇൻഡ്യൻ നിർമ്മിത വിദേശമദ്യം 2014 ഫെബ്രുവരിയിൽ 19.01 ലക്ഷം കെയ്സുകളും, മാർച്ചിൽ 20.72 ലക്ഷം കെയ്സുകളും, ഏപ്രിലിൽ 19.60 ലക്ഷം കെയ്സുകളും, മേയ് മാസത്തിൽ 21.26 ലക്ഷം കെയ്സുകളും വില്പന നടത്തിയിരുന്നു.

(ഇ) ബാറുകൾ വഴി നികുതി വെട്ടിച്ചുള്ള സെക്കന്റ്സ് വില്പനയുണ്ടായിരുന്നതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വർദ്ധനവിന് കാരണമായിട്ടുള്ളത് എന്താണെന്ന് വിശദമാക്കുമോ ?

(ഇ) സെക്കന്റ്സ് വില്പനയുണ്ടായിരുന്നതായി കരുതുന്നില്ല.

സെക്ഷൻ ആഫീസർ